പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1588

2/07/2015 ൽ മറുപടിക്ക്

## ഗോവർദ്ധിനി പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പാലോട് രവി :<br>ശ്രീ. ടി. എൻ. പ്രതാപൻ:<br>ശ്രീ. സണ്ണി ജോസഫ്:<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ: | ശ്രീ. കെ.പി.മോഹനൻ<br>കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി |
| എ) ഗോവർദ്ധിനി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ? | എ) 1.കന്നുകുട്ടികൾക്ക് സമഗ്ര ആരോഗ്യ സംരക്ഷണം നൽകുക.<br>2. ആരോഗ്യമുള്ള ഒരു കന്നുകുട്ടി പ്രായമാകുന്നത് 15 മാസത്തിൽ കവിയാതിരിക്കുക.<br>3. ആദ്യപ്രസവം 24 മാസത്തിനും 26 മാസത്തിനുമിടയ്ക്ക് തന്നെ നടക്കുക.<br>4. രണ്ടുപ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുക അതായത് 13 മാസത്തിൽ കവിയാതിരിക്കുക.<br>5. സങ്കരയിനം കന്നുകാലികളുടെ ഒരു പ്രസവത്തിലെ പാലുല്പാദനശേഷി മുഴുവനും പ്രയോജനപ്പെടുത്തുക.<br>6. ഇപ്പോൾ നിലവിലുള്ള ഉത്പാദനശേഷി കുറഞ്ഞ പശുക്കൾക്ക് പകരം അത്യുല്പാദനശേഷിയുള്ള പശുക്കളുടെ ഒരു തലമുറ ഉത്പാദിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുക.<br>7. കേരളത്തിലെ ആകെ പാലുല്പാദനം വർദ്ധിപ്പിക്കുക. |
| ബി) പ്രസ്തുത പദ്ധതി പ്രകാരം ക്ഷീരകർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിച്ചുകൊണ്ടിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | ബി) കർഷകർക്ക് പശുവളർത്തലിൽ വിദഗ്ദ്ധ പരിശീലനം , പുൽകൃഷി പ്രോത്സാഹനം, ഇൻഷ്വറൻസ് പരിരക്ഷ, തീറ്റ, ആരോഗ്യ പരിരക്ഷ എന്നീ ആനുകൂല്യങ്ങളാണ് ഗോവർദ്ധിനി പദ്ധതി പ്രകാരം കർഷകർക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. |

| | |
|---|---|
| സി) പ്രസ്തുത പദ്ധതിയിൽ , ക്ഷീരകർഷകരുടെയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും വിഹിതം എത്ര വീതമാണെന്ന് വിശദമാക്കുമോ; | സി) മൊത്തം തുകയുടെ പകുതി വിഹിതം സംസ്ഥാന സർക്കാരും ബാക്കി പകുതി കർഷകനുമാണ് വഹിക്കുന്നത്. കേന്ദ്രസർക്കാരിൽ നിന്നും വിഹിതമില്ല. സംസ്ഥാന വിഹിതം 12,500/- രൂപയും ഗുണഭോക്തൃ വിഹിതം 12,500/- രൂപയുമാണ്. |
| ഡി) ഗോരക്ഷാ പദ്ധതി ഇപ്പോൾ സംസ്ഥാനത്ത് തുടരുന്നുണ്ടോ-യെന്നറിയിക്കുമോ? | ഡി) ഉണ്ട്. |

സെക്ഷൻ ഓഫീസർ